**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2476** **12-12-2022 - ൽ മറുപടിയ്ക്ക്**

**തെരുവുനായ്ക്കൾ സൃഷ്ടിക്കുന്ന ഭീഷണി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തെരുവുനായ്ക്കൾ സൃഷ്ടിക്കുന്ന ഭീഷണി നേരിടുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ നിയന്ത്രണം സംബന്ധിച്ച വിഷയത്തിൽ 26.07.2022 ന് യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ നിയന്ത്രണം സംബന്ധിച്ച ABC പദ്ധതിയുമായി (ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം) ബന്ധപ്പെട്ട് വിവിധ തീരുമാനങ്ങൾ കൈക്കൊള്ളുകയുമുണ്ടായി. പ്രസ്തുത തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് കൊണ്ട് 23.08.2022 ൽ സ.ഉ (സാധാ) 2065/2022/തസ്വഭവ നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.<br><br>സംസ്ഥാനത്ത് തെരുവു നായകളുടെ കടിയേൽക്കുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്ന അടിയന്തിര സാഹചര്യം പരിഗണിച്ച് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 12.09.2022, 13.09.2022 എന്നീ തീയതികളിൽ ഉന്നതതല യോഗങ്ങൾ ചേരുകയും പ്രസ്തുത യോഗങ്ങളിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ 15.09.2022 ലെ സ.ഉ (സാധാ) 2244/2022/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുള്ളതുമാണ്.<br><br>കൂടാതെ ടി ഉത്തരവിലെ നിർമ്മാണ നിർവ്വഹണ മേഖലകളിലെ ചുമതലകളിന്മേൽ സ്പഷ്ടീകരണം നടത്തിക്കൊണ്ട് 29.09.2022 ലെ സ.ഉ (സാധാ) 2376/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ചില അധിക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുമുണ്ട്. |

സർക്കാർ പുറപ്പെടുവിച്ച ടി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ തന്നെ വിഷയം കൈകാര്യം ചെയ്യുകയും പ്രതിരോധ പരിപാടികൾ ഊർജ്ജിതപ്പെടുത്തുകയും വാക്സിനേഷൻ ഡ്രൈവുൾപ്പെടെയുള്ള പ്രതിരോധ പരിപാടികൾ സംഘടിപ്പിക്കുകയുമുണ്ടായി.

**ഗ്രാമ പഞ്ചായത്ത് തലത്തിൽ സ്വീകരിച്ച നടപടികൾ**

***** 941 ഗ്രാമപഞ്ചായത്തുകളിൽ 52144 വാർഡുകളിൽ വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുകയും അതുവഴി 3256 തെരുവു നായ്ക്കൾക്കും 2,43,950 വളർത്തു നായ്ക്കൾക്കും വാക്സിനേഷൻ നൽകിയിട്ടുണ്ട്.

***** PAN/12974/2022-C8 നമ്പർ സർക്കുലറിലെ നിർദ്ദേശ പ്രകാരം ഗ്രാമ പഞ്ചായത്ത് തലത്തിൽ 81,283 വളർത്തു നായ്ക്കൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്.

***** ഗ്രാമ പഞ്ചായത്ത് തലത്തിൽ 637 ഹോട്ട് സ്പോട്ടുകൾ (തെരുവു നായ ശല്യം രൂക്ഷമായ പ്രദേശങ്ങൾ) തിരിച്ചറിഞ്ഞിട്ടുണ്ട്.

***** 15.09.2022 ലെ സ.ഉ (സാധാ) 2244/2022/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 482 ഗ്രാമ പഞ്ചായത്തുകൾ തദ്ദേശ സ്ഥാപനതല ജനകീയ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ ഉടനടി പ്രസ്തുത കമ്മിറ്റികൾ രൂപീകരിക്കുന്നതിന് വേണ്ട നടപടി സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും ജില്ലാതല കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

***** നായകളെ പാർപ്പിക്കുന്നതിനായുള്ള അഭയ കേന്ദ്രങ്ങൾ രൂപീകരിക്കുന്നതിന്റെ ഭാഗമായി ഇടുക്കി ജില്ലയിലെ വണ്ടൻമേട് ഗ്രാമപഞ്ചായത്തിൽ ഇതിനായി ഒരു താല്ക്കാലിക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

* തെരുവു നായ ശല്യ നിയന്ത്രണ തീവ്രയജ്ഞ പരിപാടിയുമായി ബന്ധപ്പെട്ട് 431 ഐ.ഇ.സി ക്യാംപെയിനുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

* ശുചിത്വ യജ്ഞത്തിന്റെ ഭാഗമായി വിവിധ ഗ്രാമപഞ്ചയത്തുകളിലായി 490 സ്പെഷ്യൽ ഡ്രൈവുകൾ സംഘടിപ്പിക്കുകയും പൊതു നിരത്തിലെ

| | | | |
|---|---|---|---|
| | | | മാലിന്യ നിക്ഷേപത്തിന് 16,74,151/- രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.<br><br>**<u>നഗരസഭാ തലത്തിൽ സ്വീകരിച്ച നടപടികൾ</u>**<br><br><u>01.09.2022 മുതൽ 14.11.2022 വരെ സംഘടിപ്പിച്ച വാക്സിനേഷൻ, വന്ധ്യംകരണം, ലൈസൻസ് വിതരണം തുടങ്ങി വിവധ മേഖലയിൽ പൂർത്തിയാക്കിയ സ്ഥിതി വിവരകണക്ക് താഴെ കാണും പ്രകാരമാണ്.</u><br><br>* വന്ധ്യംകരണം നടത്തിയ നായ്ക്കളുടെ എണ്ണം - 3285<br><br>* വാക്സിനേഷൻ നടത്തിയ ആകെ തെരുവ് നായ്ക്കളുടെ എണ്ണം - 12022<br><br>* വാക്സിനേഷൻ സർട്ടിഫിക്കറ്റ് അനുവദിച്ച വളർത്തുനായ്ക്കളുടെ എണ്ണം - 42812<br><br>* രജിസ്ട്രേഷൻ/ ലൈസൻസ് സർട്ടിഫിക്കറ്റ് അനുവദിച്ച വളർത്തുനായ്ക്കളുടെ എണ്ണം - 27452<br><br>* കണ്ടെത്തിയ അഭയകേന്ദ്രങ്ങളുടെ എണ്ണം - 3 (ആലപ്പുഴ, പാല, മഞ്ചേരി നഗരസഭകൾ)<br><br>* ശുചിത്വ യജ്ഞത്തിന്റെ ഭാഗമായി നടത്തിയ സ്പെഷ്യൽ ഡ്രൈവുകളുടെ എണ്ണം - 730<br><br>* പൊതു നിരത്തുകളിലെ മാലിന്യ നിക്ഷേപത്തിന് ഈടാക്കിയ പിഴ തുക - 3158323/-<br><br>* സംഘടിപ്പിച്ച ഐ.ഇ.സി ക്യാംപയിനുകളുടെ എണ്ണം - 1003<br><br>* വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നടത്തിയ ഐ.ഇ.സി ബോധവത്കരണ ക്യാമ്പുകളുടെ എണ്ണം - 663<br><br>ഇവ കൂടാതെ 5 കോർപ്പറേഷനുകളിൽ സ്വന്തമായി എ.ബി.സി സെന്ററുകൾ പ്രവർത്തിച്ച് വന്ധ്യംകരണം നടത്തി വരുന്നു.<br><br>2016 മുതൽ 30.08.2022 വരെ 79859 നായ്ക്കൾക്ക് വന്ധ്യംകരണം നടത്തിയിട്ടുണ്ട്. |
| (ബി) | പേവിഷബാധക്കെതിരെ കുത്തിവെയ്പ് എടുത്തതിനുശേഷവും രോഗി മരണപ്പെട്ട എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; | (ബി) | 2022 ജനുവരി മാസം മുതൽ ഇതുവരെ സംസ്ഥാനത്ത് 24 പേവിഷബാധ മരണങ്ങൾ ഉണ്ടായിട്ടുണ്ട്. ഇവരിൽ 6 പേർ പേവിഷബാധയ്ക്കെതിരെയുള്ള വാക്സിനും ( IDRV) ഇമ്മ്യൂണോ ഗ്ലോബുലിനും ( ERIG) എടുത്തിട്ടുള്ളവരാണ്. |
| | | | |

| | | | |
|---|---|---|---|
| (സി) | ഇത്തരത്തിൽ വാക്സിൻ ഫലപ്രദമാകാത്തതിന്റെ കാരണം അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | 2022 ൽ ഇതുവരെയുണ്ടായ 24 മരണങ്ങളിൽ 6 പേർക്കും IDRV, ERIG എന്നിവ നൽകിയിട്ടില്ലതാണ്. എന്നാൽ ഇവയെല്ലാം തന്നെ മുഖത്തും കഴുത്തിലും കൈവെള്ളയിലുമുണ്ടായിട്ടുള്ള കാറ്റഗറി 3 മുറിവുകളാണ് എന്നാണ് അവലോകനത്തിൽ മനസ്സിലായത്. പേവിഷബാധാ മരണങ്ങൾ പഠിക്കുവാൻ സർക്കാർ നിയോഗിച്ച സമിതി നിഗമനങ്ങളും നിർദ്ദേശങ്ങളും സമർപ്പിച്ചിട്ടുണ്ട്. വാക്സിൻ എടുത്തിട്ടും മരണമടഞ്ഞവർക്ക് ഗുരുതരമായ മുറിവുകളിലൂടെ ഞരമ്പുകളിൽ നേരിട്ട് വൈറസ് പ്രവേശിച്ചത് മൂലമാകാനാണ് സാധ്യത എന്നാണ് വിദഗ്ധ സമിതി വിലയിരുത്തിയിട്ടുള്ളത്.<br><br>KMSCL മുഖേന വിതരണം ചെയ്യുന്ന IDRV, ERIG എന്നിവ നിർദ്ദിഷ്ട കേന്ദ്ര ലബോറട്ടറികളിൽ ഗുണനിലവാര പരിശോധന കഴിഞ്ഞവയാണ്. സർക്കാർ നിയോഗിച്ച സമിതിയുടെ നിർദ്ദേശ പ്രകാരം കേന്ദ്ര സർക്കാരിന്റെ Central Drugs Laboratory ൽ വീണ്ടും ഗുണനിലവാര പരിശോധന നടത്തിയതിൽ ഇവ ഗുണനിലവാരമുള്ളതാണെന്ന് കണ്ടെത്തിയിട്ടുമുണ്ട്.<br><br>കൂടാതെ വാക്സിൻ എടുത്തിട്ടും മരണമടഞ്ഞ വ്യക്തികളുടെ അതേ ബാച്ച് വാക്സിൻ സ്വീകരിച്ചിട്ടുള്ളവരിൽ ആവശ്യത്തിനുള്ള അളവിൽ ആന്റിബോഡി ഉണ്ട് എന്നാണ് ബെംഗളൂരു നിംഹാൻസിൽ നടത്തിയ പരിശോധനയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇത് പേവിഷബാധ പ്രതിരോധ വാക്സിന്റെ ഗുണനിലവാരത്തെയും പ്രവർത്തനശേഷിയെയും സൂചിപ്പിക്കുന്നു. |

സെക്ഷൻ ഓഫീസർ